**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3227** **19/06/2019-ൽ മറുപടിയ്ക്ക്**

**അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ഏറ്റെടുത്ത നിർമ്മാണപ്രവൃത്തി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റോജി എം. ജോൺ.** | **ശ്രീ. വി.എസ്. സുനിൽകുമാർ (ബഹു. കൃഷി വകുപ്പ് മന്ത്രി)** |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എത്ര നിർമ്മാണ പ്രവൃത്തികളിലാണ് സംസ്ഥാനത്തുടനീളം കരാറിൽ ഏർപ്പെട്ടതെന്നും ഇതിൽ എത്ര എണ്ണം നാളിതുവരെയായി പൂർണ്ണമായും പണി തീർത്ത് ബിൽ സെറ്റിൽ ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ സംസ്ഥാനത്തുടനീളം 99 നിർമ്മാണ പ്രവൃത്തികളുടെ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 86 എണ്ണം നാളിതുവരെയായി പൂർണ്ണമായും പണി തീർത്ത് ബിൽ സെറ്റിൽ ചെയ്തിട്ടുണ്ട്. 13 പ്രവൃത്തികൾ പുരോഗതിയിലാണ്. |
| ബി) പ്രസ്തുത സ്ഥാപനം അങ്കമാലി മണ്ഡലത്തിലെ ടൂറിസം വകുപ്പിന്റെ ഏതെങ്കിലും പദ്ധതി ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം പൂർത്തീകരിക്കേണ്ട കാലാവധി എന്നാണെന്നും നാളിതുവരെയായി എത്ര ശതമാനം പണി പൂർത്തീകരിച്ചുവെന്നും ഇനി പൂർത്തീകരിക്കേണ്ടത് എന്തെല്ലാമാണെന്നും വിശദമാക്കാമോ; | ബി) ടൂറിസം വകുപ്പിലെ കരിമ്പുമുടി മലയാറ്റൂർ പദ്ധതിയുടെ നിർവഹണം ഏറ്റെടുത്തിട്ടുള്ളതും 70% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും ആകുന്നു. റസ്റ്റിംഗ് ഹട്ട്, ഇളനീർ പന്തൽ, ഒരു മെഡിറ്റേഷൻ ഹാൾ, 30 സ്റ്റോൺ ബഞ്ചുകൾ എന്നിവ പൂർത്തീകരിക്കേണ്ടതാണ്. 18 മാസത്തെ കാലാവധിയായിരുന്നു പദ്ധതിയുടെ പൂർത്തീകരണ സമയം. അതിൻ പ്രകാരം പദ്ധതി 21.12.2018-ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പദ്ധതി ഏറ്റെടുത്തു നടത്തുന്നതിനുള്ള സ്ഥലം വനസംരക്ഷണ മേഖലയിൽ ഉൾപ്പെട്ടതിനാൽ സ്ഥല നിർണ്ണയം ചെയ്ത് കിട്ടുന്നതിനുള്ള കാലതാമസം ഉണ്ടായിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| സി) | നിർദ്ദിഷ്ട പ്രവൃത്തിക്കായി ടൂറിസം വകുപ്പ് എത്ര രൂപയുടെ അലോട്ട്മെന്റ് അനുവദിച്ചെന്നും അതിൽ എത്ര രൂപ കോർപ്പറേഷൻ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; | സി) | 1,15,00,000/- രൂപയുടെ അലോട്ട്മെന്റ് അനുവദിച്ചു. 1,15,00,000/- രൂപയുടെ Utilization Certificate സമർപ്പിച്ചിട്ടുള്ളതും ആകുന്നു. |
| ഡി) | ഈ പ്രവൃത്തിയുടെ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥന്റെ പേരുവിവരം ലഭ്യമാക്കാമോ; പ്രവൃത്തി എന്നേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | ഡി) | ഈ പ്രവൃത്തിയുടെ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥന്റെ പേര് ശ്രീ.സിനിജോസ് മാത്യു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഓപ്പറേഷൻസ്) എന്നാണ്. 2019 ഡിസംബർ മാസത്തിനകം പദ്ധതി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ